**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1097** | **30.09.2016-ൽ മറുപടിയ്ക്ക്** |

**നീരൊഴുക്കുകൾ ശുചീകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.കെ.സി.മമ്മത് കോയ** | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തോടുകളും ഓടകളും പ്ലാസ്റ്റിക് മാലിന്യം നിറഞ്ഞ് ഒഴുക്ക് നിലച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരം നീരൊഴുക്കുകൾ ശുചീകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | പ്ലാസ്റ്റിക് ക്യാരിബാഗുകളാണ് കൂടുതലായി ഇത്തരത്തിൽ തോടുകളുടെയും ഓടകളുടെയും ഒഴുക്ക് തടസ്സപ്പെടുത്തുന്നത്. നിലവിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ ശേഖരിച്ച് തരംതിരിച്ച് പുനചംക്രമണത്തിന് കൈമാറുന്ന സംവിധാനം വ്യാപകമാക്കി കൊണ്ടിരിക്കുകയാണ്. അതുപോലെ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ വില്പനയും ഉപയോഗവും കുറയ്ക്കുന്നതിനുള്ള നിയന്ത്രണ നടപടികളും ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശവും പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വർഷവും സംസ്ഥാനത്ത് തോടുകളും ഓടകളും ശുചീകരിക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നുണ്ട്. മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, പരിസ്ഥിതി സംരക്ഷണ പ്രവൃത്തികൾ, വനവത്ക്കരണ പ്രവൃത്തികൾ എന്നിവ നഗരസഭകൾ വഴി നടപ്പാക്കുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുൻഗണന നൽകണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. |
| (സി) | ഇത്തരം സ്ഥലങ്ങളിൽ സ്ഥിരമായി മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി നടപടികൾ എടുക്കുന്നതിന് തയ്യാറാകുമോ? | (സി) | ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ഇത്തരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകൾ, തോടുകൾ, കുളങ്ങൾ, ജലനിർഗ്ഗമന ചാലുകൾ എന്നിവ മലിനപ്പെടുത്തുന്നത് തടയുന്നതിന് 1994 ലെ കേരള മുനിസിപ്പൽ ആക്ടിലെ 340(2) വകുപ്പ പ്രകാരവും 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരവും നടപടികൾ സ്വീകരിക്കാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 എസ് - മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജല സ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെ നിരോധനം–പ്രകാരം ഇപ്രകാരമുള്ള കുറ്റം കൊഗ്നൈസിബിളും ജാമ്യമില്ലാത്തതുമായിരിക്കുകയും ഈ കുറ്റം ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിനുമേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തി അയ്യായിരം രൂപയിൽ കുറയാതെയുള്ള പിഴയും, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ആയത് പ്രകാരം നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ